പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3692 — 17-10-2011 - ൽ മറുപടിയ്ക്ക്

## തോട്ടുമുഖം ഇറിഗേഷൻ പദ്ധതി

| ചോദ്യം<br>പ്രൊഫ.സി.രവീന്ദ്രനാഥ് | മറുപടി<br>ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
|---|---|
| (എ) പുതുക്കാട് മണ്ഡലത്തിലെ തോട്ടുമുഖം ഇറിഗേഷൻ പദ്ധതി പ്രവർത്തനം തടസ്സപ്പെട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) ഈ പദ്ധതിയുടെ ഒന്നാംഘട്ടമെങ്കിലും കമ്മീഷൻ ചെയ്യാൻ നടപടി സ്വീകരിക്കുമോ ; | (ബി) തോട്ടുമുഖം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ പമ്പ്ഹൗസ് പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ടുവരുന്ന കനാലിന്റെ നീളം 2052 മീ. ആണ്. ഇനി ചെയ്യാനുള്ളത് 1391 മീ. ആണ്. കനാൽ പ്രവൃത്തി ഇപ്പോഴുള്ള കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ റദ്ദ് ചെയ്തിരിക്കുകയാണ്. ആയത് പൂർത്തീകരിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സിവിൽ പ്രവൃത്തികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് മെക്കാനിക്കൽ, ഇലക്ട്രിക്കൽ പ്രവൃത്തികൾ നടപ്പിലാക്കി പദ്ധതി കമ്മീഷൻ ചെയ്യുന്നതാണ്. |
| (സി) ശേഷിക്കുന്നത് സമയബന്ധിതമായി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ ? | (സി) ശേഷിക്കുന്ന സിവിൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് പുതുക്കിയ നിരക്കു പ്രകാരം തയ്യാറാക്കി വരികയാണ്. എസ്റ്റിമേറ്റ് ലഭ്യമാകുന്ന മുറയ്ക്ക് ഉചിതമായ നടപടികൾ സ്വീകരിച്ച് സമയബന്ധിതമായി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.